# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1298    07.06.2018 ൽ മറുപടിക്ക്**

## പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണ്; എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയായത്; എത്ര രൂപയാണ് എസ്റ്റിമേറ്റ് തുക; ഇപ്പോൾ എന്തൊക്കെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നത്; വ്യക്തമാക്കാമോ; | എ) പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം 1,94,31,946/-രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം 09.04.1997ൽ ആരംഭിക്കുകയുണ്ടായി. എന്നാൽ നിശ്ചിത കാലയളവിൽ പണി പൂർത്തിയാക്കാത്തതുകൊണ്ട് 01.09.1999ൽ ഈ കരാർ റദ്ദാക്കുകയുണ്ടായി. പിന്നീട് ബാലൻസ് വർക്കുകൾ 6,22,97,064.00/- രൂപയ്ക്ക് 07.08.2012 ൽ കോണ്ടൂർ കൺസ്ട്രക്ഷൻ എന്ന കരാർ സ്ഥാപനത്തിന് നൽകുകയും ടി കരാർ പ്രകാരമുള്ള എല്ലാ പ്രവൃത്തികളും 31.01.2017ൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. പാലത്തിന്റെ നിർമ്മാണം പൂർത്തിയായെങ്കിലും സ്ഥലമേറ്റെടുക്കാതിരുന്നതിനാൽ അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തിയായിരുന്നില്ല. ഇപ്പോൾ അപ്രോച്ച് റോഡ് നിർമ്മാണത്തിനുള്ള പ്രവൃത്തിക്ക് 180ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയത്, 1,70,85,599/- രൂപയ്ക്ക് 06.03.2018 ൽ കരാർ ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ പ്രവൃത്തികൾ ഇപ്പോൾ പുരോഗമിച്ചു വരുന്നു. |
| ബി) പേരുച്ചാൽ പാലത്തിന്റെ അപ്രോച്ച റോഡുകളുടെ നിർമ്മാണത്തിനും തൂണുകൾ ബലപ്പെടുത്തുന്നതിനുമായി എത്ര രൂപയാണ് മാറ്റിവച്ചിരിക്കുന്നത്; ഇവയുടെ പ്രവൃത്തികൾ | ബി) 1,70,85,599/-രൂപയ്ക്ക് അപ്രോച്ച് റോഡിന്റെ പാർശ്വഭിത്തി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 06.03.2018 ലെ കരാർ പ്രകാരം 05.09.2019 വരെയാണ് നിർമ്മാണ കാലാവധി. എന്നിരുന്നാലും |

| | |
|---|---|
| ഏതു ഘട്ടം വരെയായി; നിർമ്മാണം എന്ന് പൂർത്തീകരിക്കാനാവും; | അതിനു മുമ്പ് തന്നെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) പേരുച്ചാൽ പാലം പൊതുജനത്തിന് എന്ന് തുറന്നുകൊടുക്കാനാവും എന്ന് അറിയിയ്ക്കാമോ? | സി) അപ്രോച്ച് റോഡിന്റെ നിർമ്മാണവും തൂണുകൾ ബലപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും പൂർത്തീകരിക്കുന്നതിന് 05.09.2019 വരെ കരാർ കാലാവധിയുണ്ടെങ്കിലും അതിനു മുമ്പ് തന്നെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

S. Bindu

സെക്ഷൻ ഓഫീസർ